(ഡി) ധനവകുപ്പിന്റെ 12-1-2004-ലെ 26-ാം നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാവുന്നതാണ്.

വ്യാജ മുദ്രപത്രവുമായി ബന്ധപ്പെട്ട കേസ്

37 [1044] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ മുദ്രപത്ര കുംഭകോണവുമായി ബന്ധപ്പെട്ട കേസിൽ കേരളത്തിൽ കണ്ണികൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) വ്യാജ മുദ്രപത്രം ഉപയോഗിച്ച് കേരളത്തിൽ രജിസ്ട്രേഷൻ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) സി.ബി.ഐ. മുഖാന്തിരം അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്.

(സി, ഡി) സംസ്ഥാനത്ത് വ്യാജ മുദ്രപത്രം തിരിച്ചറിയുന്നതിനുള്ള സംവിധാനം നിലവിലില്ലാത്തതിനാൽ, ഇതേക്കുറിച്ച് പഠനം നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ ഒരു സംഘത്തെ നാസിക്കിലേയും, ഹൈദരാബാദിലേയും മുദ്രപത്രം അച്ചടിക്കുന്ന സെക്യൂരിറ്റി പ്രസ്സിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കേടായ മുദ്രപത്രത്തിന്റെ പേരിൽ റീഫണ്ട് ചെയ്ത തുക

38 [1045] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എഴുകോൺ നാരായണൻ:
,, എം. പി. ഗംഗാധരൻ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുദ്രപത്രങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തവിധം കേടായതിന്റെ പേരിൽ ഇക്കഴിഞ്ഞ രണ്ടു വർഷത്തിനകം എന്തു തുക റീഫണ്ട് ചെയ്തിട്ടുണ്ട്;

(ബി) ഇക്കാലത്ത് ഈ അടിസ്ഥാനത്തിൽ എന്തു തുകയ്ക്കുള്ള മുദ്രപത്രം പകരം കൊടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly